(ബി) റേഷൻ കാർഡിന്റെ അഭാവത്തിൽ പുതുതായി വീടുവച്ച് താമസം തുടങ്ങുമ്പോൾ കറണ്ട് കണക്ഷൻ, ഗ്യാസ് കണക്ഷൻ എന്നിവയ്ക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്ന സംവിധാനം നിലവിലുണ്ട്.

നെല്ല് സംഭരണത്തിലെ പ്രതിസന്ധി

198(*T 3081) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം ഏത് രീതിയിലാണ് സർക്കാർ നടത്തി വരുന്നത് ;

(ബി) നെല്ല് സംഭരണത്തിൽ മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും കർഷകരെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനുമായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കുന്നതിനും അത് അവിടെ നിന്നും കൊണ്ടു പോകുന്നതിനും സുരക്ഷിതമായി സംഭരിച്ച് വയ്ക്കുന്നതിനും സമയബന്ധിതമായി സംസ്കരിച്ച് അരിയാക്കുന്നതിനും സ്വകാര്യ മില്ലുടമകളുമായി സപ്ലൈകോ ഉടമ്പടി ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതിന് ജില്ലാ തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെല്ല് സംഭരണത്തിൽ നിന്ന് മില്ലുടമകൾ പിൻമാറുന്ന സാഹചര്യം നിലവിലില്ല. എന്നാൽ സംഭരിച്ച നെല്ല് മുഴവനും അനുവദിച്ച സമയത്തിനുള്ളിൽ സംസ്കരിച്ച് തരുവാൻ പറ്റാതെ വന്ന ചില മില്ലുകൾ സപ്ലൈകോയുമായുള്ള ഉടമ്പടി ഉപേക്ഷിച്ച് പോയിട്ടുണ്ട്.

(സി) നെല്ല് സംഭരണത്തിന്റെ കാലാവധി നേരത്തെതന്നെ കർഷകരെ അറിയിക്കുയും അതുപ്രകാരം ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

(സി) നെല്ലിന് നല്ല വില കർഷകന് ലഭിക്കുന്നതിനായി കിലോ ഗ്രാമിന് 19 രൂപയായിരുന്ന സംഭരണ വില ഇപ്പോൾ 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലകളിലൊന്നാണിത്.

റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ

199(3082) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസം എന്തുകൊണ്ടാണ്; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2016 മുതൽ വിതരണം ചെയ്യുവാൻ കഴിയും.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സമഗ്രമായ വിവരങ്ങൾ കാർഡുടമകളിൽനിന്നും ശേഖരിച്ച് ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഐ.സി.-യുടെ സഹായത്തോടെ, പ്രത്യേക പ്രോഗ്രാം രൂപകൽപന ചെയ്ത് റാങ്ക് ചെയ്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തു. സാങ്കേതികപരവും, സമഗ്രവുമായ വിവരശേഖരണവും,

LIBRARY ARCHIVES Kerala Legislative Assembly